GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/10/2026

1. കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിൻ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ **"മുട്ടക്കോഴി വളർത്തൽ"** എന്ന വിഷയത്തിൽ **ഒക്ടോബർ 13ന് ഏകദിന പരിശീലന പരിപാടി** സംഘടിപ്പിക്കുന്നു. മുട്ടക്കോഴികളുടെ പൊതുവായ പരിപാലനം, ആരോഗ്യസംരക്ഷണം, തീറ്റക്രമം, കൂട് പരിപാലനം തുടങ്ങിയ വിഷയങ്ങളിൽ വിശദമായ ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. കൂടാതെ, ആരോഗ്യപരിപാലനം, പ്രതിരോധ കുത്തിവയ്പ്പ് എന്നിവയിൽ പ്രായോഗിക പരിശീലനവും നൽകുന്നതാണ്. പരിശീലനത്തിൽ

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്ന് **ഒക്ടോബർ 5ന് മുമ്പായി** ഓഫീസ് സമയമായത്ത് **8547070773, 0487-2370773** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

2. കാർഷിക യന്ത്രങ്ങൾ 50 ശതാമാനം വരെ സബ്സിഡിയിൽ ലഭിക്കുന്ന സ്മാം (SMAM) അപേക്ഷ ക്ഷണിച്ചു. ഒക്ടോബർ 15 വരെ അപേക്ഷ സ്വീകരിക്കും. പദ്ധതിയിലൂടെ കാർഷിക യന്ത്രങ്ങൾ, വിളവെടുപ്പ യന്ത്രങ്ങൾ, വിള സംസ്കണ ഉപകരണങ്ങൾ, മൂല്യവർധിത ഉൽപ്പന്ന നിർമാണ യന്തങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ ലഭിക്കും. വ്യക്തിഗത കർഷകർക്ക് 40 മുതൽ 50 ശതമാനം വരെയാണ് സബ്സിഡി അനുവധിക്കുന്നത്. അനുവദിച്ച യന്ത്രങ്ങളുടെ എണ്ണത്തെക്കാൾ കൂടുതൽ അപേക്ഷകൾ ലഭിച്ചാൽ യോഗ്യരായ എല്ലാ അപേക്ഷകരേയും ഉൾപ്പെടുത്തി ഓൺലൈൻ നറുക്കെടുപ്പിലൂടെയായിരിക്കും തെരഞ്ഞെടുപ്പ്. കൂടുതൽ വിവരങ്ങൾക്ക് 8421672893, 9605632084 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. സംസ്ഥാന കൃഷിവകുപ്പ് കൃഷിയിടങ്ങളിൽ സൂക്ഷ്മജലസേചന പദ്ധതികളായ ഡ്രിപ്പ് ഇറിഗേഷൻ, സ്പ്ലിംഗ്ളർ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ കൃഷിഭവൻ മുഖേന ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്

അതാത് കൃഷിഭവനുകളുമായോ 8075892092, 9400988557 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

4. കേരള സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന കശുമാവ് സന്തതി തോട്ടം ആദൂർ ഗാളിമുഖ സ്പെഷ്യൽ ഫാമിൽ കാർഷികവിളകളുടെ നടീൽ വസ്തുക്കളായ കശുമാവ് ഗ്രാഫ്റ്റ് –( ഇനങ്ങൾ – ധന, ധരശ്രീ, പ്രിയങ്ക, അക്ഷയ, പൂർണിമ, അമൃത) ഒന്നിന് വില 40 രൂപ, മാവ് ഗ്രാഫ്റ്റ്– (ഇനങ്ങൾ – PH ലഡുവ, കലപ്പാടി, ചന്ദ്രക്കാരൻ, കൊളംബ്, ബംഗനപ്പള്ളി, കുറ്റ്യാട്ടൂർ, അൽഫോൻസൊ, കർപ്പൂരം, മുണ്ടപ്പ, നീലം) ഒന്നിന് വില 75 രൂപ. എന്നിവ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9383471972 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)–ൽ ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമാണത്തിൽ അഞ്ചു ദിവസത്തെ പരിശീലനം ഇന്ന് മുതൽ ആരംഭിക്കുന്നു. ഒക്ടോബർ 9 വരെയാണ് പരിശീലനം. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമാണം; റബ്ബർ കോമ്പൗണ്ടിങ്, പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ, എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം

എന്റർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനമാണിത്. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9497487209, 0481-2353127 എന്ന ഫോൺ നമ്പരിലോ 0481-2353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.